## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3163 20.12.2012 - ൽ മറുപടിക്ക്

### മാതാപുഴ പാലത്തിന്റേയും കാര്യാട്ടുകടവ് പാലത്തിന്റേയും നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മാതാപുഴ പാലത്തിന്റേയും കാര്യാട്ടുകടവ് പാലത്തിന്റേയും നിർമ്മാണ നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മാതാപുഴ പാലത്തിന്റെ പണി പുരോഗതിയിലാണ്. കാര്യാട്ടുകടവ് പാലത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഈ രണ്ടു പാലങ്ങളും വേഗത്തിൽ പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) മാതാപുഴ പാലം വേഗത്തിൽ പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാര്യാട്ടുകടവ് പാലത്തിന്റെ ടെണ്ടർ അംഗീകരിച്ച് എത്രയും വേഗം പണി ആരംഭിക്കുന്നതാണ്. |
| (സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) മാതാപുഴ പാലത്തിന്റെ പ്രവൃത്തി 2013 മേയ് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.